**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 83** **10-08-2023 - ൽ മറുപടിയ്ക്ക്**

**ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ വി കെ പ്രശാന്ത്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മുഴുവൻ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി നടപ്പാക്കിവരുന്ന ജലജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തെ മുഴുവൻ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി നടപ്പാക്കിവരുന്ന ജലജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി നിരന്തരം വിലയിരുത്തുന്നുണ്ട്.<br><br>നിലവിൽ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ നല്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകി . ഇതനുസരിച്ച് സംസ്ഥാനത്ത് 5334736 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 40203.61 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകൾക്കും ടാപ്പ് കണക്ഷനുകൾ വഴി കുടിവെള്ളം ലഭ്യമാകുന്നതാണ്.<br><br>ജല ജീവൻ മിഷൻ പദ്ധതിയിൽ ഏറ്റെടുത്ത പ്രവൃത്തികളിലുൾപ്പെടുത്തി 2020-21 കാലയളവിൽ 4.04 ലക്ഷം കണക്ഷനുകളും 2021-22 കാലയളവിൽ6.64 ലക്ഷം കണക്ഷനുകളും, 2022-23 കാലയളവിൽ 5.29 ലക്ഷം കണക്ഷനുകളും 2023-24 വർഷത്തിൽ 03-08-2023- വരെ 1.8 ലക്ഷം കണക്ഷനുകളുമാണ് നൽകിയിട്ടുള്ളത്. കോവിഡ് മഹാമാരിയുടെ ഭാഗമായുള്ള നിയന്ത്രണവും, വെള്ളപൊക്കവും, പൈപ്പ് തുടങ്ങിയ മെറ്റീരിയൽസിന്റെ വില വർദ്ധനവും കാരണം പദ്ധതി നിർവ്വഹണത്തിൽ തടസ്സങ്ങൾ നേരിട്ടിരുന്നു. എങ്കിലും ജല ജീവൻ മിഷൻ പദ്ധതി ആരംഭിച്ചതിനുശേഷം നിലവിലെ കണക്ക് പ്രകാരം സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ ആകെ ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ എണ്ണം 35.47 |

ലക്ഷം ആയി ഉയർന്നിട്ടുണ്ട്. ഇത് ആകെ ഗ്രാമീണ വീടുകളുടെ 50.18% ആണ്.

നിലവിൽ 78 പഞ്ചായത്തുകളിൽ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകി ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഗ്രാമീണ സ്കൂളുകളിലും അംഗൻവാടികളിലും ശുദ്ധജല ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ട്. കുടിവെള്ളത്തിന്റെ ഗുണനിലവാരപരിശോധനക്കായി 5000 ത്തിൽ പരം കുടുംബശ്രീ വനിതകൾക്ക് പരിശീലനം നൽകി പരിശോധനകൾ നടത്തി വരുന്നു. കൂടാതെ വാട്ടർ അതോറിറ്റിയുടെ 83 കുടിവെള്ള ഗുണനിലവാര പരിശോധന ലാബുകൾക്ക് NABL അംഗീകാരം ലഭ്യമായിട്ടുണ്ട്.

പദ്ധതികൾക്കാവശ്യമായ സ്ഥലം എല്ലായിടത്തും ലഭ്യമല്ലാത്തതും പദ്ധതി ഘടകങ്ങൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത്, റെയിൽവേ, നാഷണൽ ഹൈവേ അതോറിറ്റി, വനംവകുപ്പ് തുടങ്ങിയിട്ടുള്ള മറ്റു വകുപ്പുകളിൽ നിന്നും ലഭ്യമാകേണ്ട അനുമതികൾ ലഭ്യമാകുന്നതിലെ തടസ്സങ്ങളും പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്.

ജല ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നത് പഞ്ചായത്തുകൾക്ക് കീഴിലാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടി കേരള വാട്ടർ അതോറിറ്റി , ജലനിധി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നീ ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ആസൂത്രണം മുതൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടെ യാണ് നടപ്പിലാക്കുന്നത്.

ഇതിനായി ഗ്രാമീണ തലത്തിൽ ഗ്രാമ പഞ്ചായത്ത് വാട്ടർ ആൻറ് സാനിറ്റേഷൻ കമ്മിറ്റികൾ നിലവിലുണ്ട്. ഓരോ പദ്ധതിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ചതിനുശേഷമാണ് ബന്ധപ്പെട്ട ഡിസ്ട്രിക്ട് വാട്ടർ ആൻറ് സാനിറ്റേഷൻ മിഷനുകൾ അംഗീകരിച്ച് സംസ്ഥാന വാട്ടർ ആന്റ് സാനിറ്റേഷൻ മിഷന്റെ അംഗീകാരത്തോടെ ഭരണാനുമതി നൽകിയിട്ടുള്ളത്.

ജല ജീവൻ മിഷൻ പദ്ധതി നിർവഹണത്തിനായി ജില്ലാ തലത്തിൽ ജില്ലാ കളക്ടർമാർ അദ്ധ്യക്ഷരായ ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകൾ നിലവിലുണ്ട്. ജല ജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി ബന്ധപ്പെട്ട ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകൾ തുടർച്ചയായി അവലോകനം നടത്തുന്നുണ്ട്.

ജല ജീവൻ മിഷൻ പദ്ധതി നിർവ്വഹണ മേൽനോട്ടത്തിനായി സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനും പദ്ധതിയുടെ പുരോഗതി തുടർച്ചയായി അവലോകനം നടത്തുന്നുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. ജല വിഭവ വകുപ്പ് മന്ത്രി ജില്ലകൾ തോറും നേരിട്ട് എം.എൽ.എമാരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മീറ്റിംങ്ങുകൾ വിളിച്ചു ചേർത്ത് ജല ജീവൻ മിഷൻ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി പദ്ധതിപ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ജല വിഭവ വകുപ്പ് മന്ത്രിയുടെ ഓഫീസിലും പദ്ധതി പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാനും വിലയിരുത്താനുമായി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ പുരോഗതി കേന്ദ്ര സർക്കാർ നിരന്തരം വിലയിരുത്തുന്നുണ്ട്. മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ആഴ്ചതോറും പദ്ധതിയുടെ പുരോഗതി വിലയിരുത്തിവരുന്നു. ഇതു കൂടാതെ പദ്ധതി നിർവഹണത്തിന്റെ വിവിധതലങ്ങളിൽ നിരന്തരം അവലോകനയോഗങ്ങൾ നടത്തിവരുന്നുണ്ട്.

കൂടാതെ പദ്ധതിനിർവഹണത്തിന്റെ ഏകോപനത്തിനായി ഒരു സ്റ്റേറ്റ് പ്രോജെക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ച് അതുവഴി പദ്ധതിപുരോഗതി നിരന്തരം വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഇപ്രകാരം അവലോകനം നടത്തി പദ്ധതി നിർവഹണത്തിൽ തടസ്സങ്ങൾ യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമെ പദ്ധതികളുടെ നിർവഹണവുമായി

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട പുരോഗതിയും തടസ്സങ്ങളുമുൾപ്പെടെയുള്ള വിവരങ്ങൾ പൊതുജനങ്ങൾക്കും പ്രാപ്യമായ രീതിയിൽ, കേരള വാട്ടർ അതോറിറ്റിയുടെയും കേന്ദ്രസർക്കാറിന്റെയും വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.<br><br>മേൽപ്പറഞ്ഞ സംവിധാനങ്ങളിലൂടെയും നടപടികളിലൂടെയും പദ്ധതിനിർവഹണത്തിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ ശ്രമങ്ങൾ നടത്തുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി പ്രവർത്തനം സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിനും നടത്തുന്ന ഇടപെടലുകൾ വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ മുഴുവൻ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി നടപ്പാക്കിവരുന്ന ജലജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി നിരന്തരം വിലയിരുത്തുന്നുണ്ട്.<br><br>നിലവിൽ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ നല്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകി . ഇതനുസരിച്ച് സംസ്ഥാനത്ത് 5334736 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 40203.61 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകൾക്കും ടാപ്പ് കണക്ഷനുകൾ വഴി കുടിവെള്ളം ലഭ്യമാകുന്നതാണ്.<br><br>ജല ജീവൻ മിഷൻ പദ്ധതിയിൽ ഏറ്റെടുത്ത പ്രവൃത്തികളിലുൾപ്പെടുത്തി 2020-21 കാലയളവിൽ 4.04 ലക്ഷം കണക്ഷനുകളും 2021-22 കാലയളവിൽ6.64 ലക്ഷം കണക്ഷനുകളും, 2022-23 കാലയളവിൽ 5.29 ലക്ഷം കണക്ഷനുകളും 2023-24 വർഷത്തിൽ 03-08-2023- വരെ 1.8 ലക്ഷം കണക്ഷനുകളുമാണ് നൽകിയിട്ടുള്ളത്. കോവിഡ് മഹാമാരിയുടെ ഭാഗമായുള്ള നിയന്ത്രണവും, വെള്ളപൊക്കവും, പൈപ്പ് തുടങ്ങിയ മെറ്റീരിയൽസിന്റെ വില വർദ്ധനവും കാരണം പദ്ധതി നിർവ്വഹണത്തിൽ തടസ്സങ്ങൾ നേരിട്ടിരുന്നു. എങ്കിലും ജല ജീവൻ മിഷൻ പദ്ധതി ആരംഭിച്ചതിനുശേഷം നിലവിലെ കണക്ക് പ്രകാരം സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ ആകെ ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ എണ്ണം 35.47 |

ലക്ഷം ആയി ഉയർന്നിട്ടുണ്ട്. ഇത് ആകെ ഗ്രാമീണ വീടുകളുടെ 50.18% ആണ്.

നിലവിൽ 78 പഞ്ചായത്തുകളിൽ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകി ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഗ്രാമീണ സ്കൂളുകളിലും അംഗൻവാടികളിലും ശുദ്ധജല ലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ട്. കുടിവെള്ളത്തിന്റെ ഗുണനിലവാരപരിശോധനക്കായി 5000 ത്തിൽ പരം കുടുംബശ്രീ വനിതകൾക്ക് പരിശീലനം നൽകി പരിശോധനകൾ നടത്തി വരുന്നു. കൂടാതെ വാട്ടർ അതോറിറ്റിയുടെ 83 കുടിവെള്ള ഗുണനിലവാര പരിശോധന ലാബുകൾക്ക് NABL അംഗീകാരം ലഭ്യമായിട്ടുണ്ട്.

പദ്ധതികൾക്കാവശ്യമായ സ്ഥലം എല്ലായിടത്തും ലഭ്യമല്ലാത്തതും പദ്ധതി ഘടകങ്ങൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത്, റെയിൽവേ, നാഷണൽ ഹൈവേ അതോറിറ്റി, വനംവകുപ്പ് തുടങ്ങിയിട്ടുള്ള മറ്റു വകുപ്പുകളിൽ നിന്നും ലഭ്യമാകേണ്ട അനുമതികൾ ലഭ്യമാകുന്നതിലെ തടസ്സങ്ങളും പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്.

ജല ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നത് പഞ്ചായത്തുകൾക്ക് കീഴിലാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടി കേരള വാട്ടർ അതോറിറ്റി , ജലനിധി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നീ ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ആസൂത്രണം മുതൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടെ യാണ് നടപ്പിലാക്കുന്നത്.

ഇതിനായി ഗ്രാമീണ തലത്തിൽ ഗ്രാമ പഞ്ചായത്ത് വാട്ടർ ആൻറ് സാനിറ്റേഷൻ കമ്മിറ്റികൾ നിലവിലുണ്ട്. ഓരോ പദ്ധതിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ചതിനുശേഷമാണ് ബന്ധപ്പെട്ട ഡിസ്ട്രിക്ട് വാട്ടർ ആൻറ് സാനിറ്റേഷൻ മിഷനുകൾ അംഗീകരിച്ച് സംസ്ഥാന വാട്ടർ ആന്റ് സാനിറ്റേഷൻ മിഷന്റെ അംഗീകാരത്തോടെ ഭരണാനുമതി നൽകിയിട്ടുള്ളത്.

ജല ജീവൻ മിഷൻ പദ്ധതി നിർവഹണത്തിനായി ജില്ലാ തലത്തിൽ ജില്ലാ കളക്ടർമാർ അദ്ധ്യക്ഷരായ ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകൾ നിലവിലുണ്ട്. ജല ജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി ബന്ധപ്പെട്ട ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകൾ തുടർച്ചയായി അവലോകനം നടത്തുന്നുണ്ട്.

ജല ജീവൻ മിഷൻ പദ്ധതി നിർവ്വഹണ മേൽനോട്ടത്തിനായി സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനും പദ്ധതിയുടെ പുരോഗതി തുടർച്ചയായി അവലോകനം നടത്തുന്നുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. ജല വിഭവ വകുപ്പ് മന്ത്രി ജില്ലകൾ തോറും നേരിട്ട് എം.എൽ.എമാരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മീറ്റിംങ്ങുകൾ വിളിച്ചു ചേർത്ത് ജല ജീവൻ മിഷൻ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി പദ്ധതിപ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ജല വിഭവ വകുപ്പ് മന്ത്രിയുടെ ഓഫീസിലും പദ്ധതി പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാനും വിലയിരുത്താനുമായി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ പുരോഗതി കേന്ദ്ര സർക്കാർ നിരന്തരം വിലയിരുത്തുന്നുണ്ട്. മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ആഴ്ചതോറും പദ്ധതിയുടെ പുരോഗതി വിലയിരുത്തിവരുന്നു. ഇതു കൂടാതെ പദ്ധതി നിർവഹണത്തിന്റെ വിവിധതലങ്ങളിൽ നിരന്തരം അവലോകനയോഗങ്ങൾ നടത്തിവരുന്നുണ്ട്.

കൂടാതെ പദ്ധതിനിർവഹണത്തിന്റെ ഏകോപനത്തിനായി ഒരു സ്റ്റേറ്റ് പ്രോജെക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ച് അതുവഴി പദ്ധതിപുരോഗതി നിരന്തരം വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഇപ്രകാരം അവലോകനം നടത്തി പദ്ധതി നിർവഹണത്തിൽ തടസ്സങ്ങൾ യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമെ പദ്ധതികളുടെ നിർവഹണവുമായി

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട പുരോഗതിയും തടസ്സങ്ങളുമുൾപ്പെടെയുള്ള വിവരങ്ങൾ പൊതുജനങ്ങൾക്കും പ്രാപ്യമായ രീതിയിൽ, കേരള വാട്ടർ അതോറിറ്റിയുടെയും കേന്ദ്രസർക്കാറിന്റെയും വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.<br><br>മേൽപ്പറഞ്ഞ സംവിധാനങ്ങളിലൂടെയും നടപടികളിലൂടെയും പദ്ധതിനിർവഹണത്തിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ ശ്രമങ്ങൾ നടത്തുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | ജലജീവൻ മിഷൻ പദ്ധതി 2024 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. എന്നാൽ സ്ഥല ലഭ്യതയുടെ പ്രശ്നങ്ങളും റോഡ് കട്ടിംഗിനുൾപ്പെടെ മറ്റ് ഏജൻസികളിൽ / വകുപ്പുകളിൽ നിന്നും ലഭിക്കേണ്ട അനുമതികൾ വൈകുന്നതും കാരണം ജലജീവൻ മിഷൻ പദ്ധതി പൂർണതോതിൽ പൂർത്തീകരിക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ